LIBRARY ARCHIVES Kerala Legislative Assembly

കാപ്പെക്സിന് അനുവദിച്ച തുക

140(2178) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പ്ലാൻ, നോൺപ്ലാൻ, കണ്ടിൻജൻസി ഫണ്ട് എന്നിവകളിലായി കാപെക്സിന് എത്ര തുക വീതം നൽകിയെന്നും ഇതുവരെ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാപെക്സിന് 2011-12-ൽ 18.75 കോടി രൂപയും 2012-13-ൽ 23 കോടി രൂപയും2013-14-ൽ 25.30 കോടി രൂപയും 2014-15-ൽ 20 കോടി രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തി നൽകി. പ്രസ്തുത തുക മുഴുവൻ തന്നെ കാപെക്സ് ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ 10 കോടി രൂപ പ്ലാൻ ഫണ്ടിൽ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. നോൺ പ്ലാൻ, കണ്ടിജൻസി ഫണ്ടുകൾ പ്രസ്തുത കാലയളവുകളിൽ കാപെക്സിന് നൽകിയിട്ടില്ല.

പുതുക്കാട് മണ്ഡലത്തിലെ പുതിയ പദ്ധതികൾ

141(2179) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുക്കാട് മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പുതുക്കാട് മണ്ഡലത്തിൽ ഖാദി ഗ്രാമവ്യവസായ ബോർഡും കിൻഫ്രയും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) മുകുന്ദപുരം താലൂക്കിൽ നെൻമണിക്കര, തൃക്കൂർ വില്ലേജുകളിൽപ്പെട്ട 100 ഏക്കർ ഭൂമിയിൽ ഒരു കേര പാർക്ക് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ഈ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.